**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2747** **13-10-2021 - ൽ മറുപടിയ്ക്ക്**

**എസ്.സി-എസ്.ടി. വിഭാഗക്കാർക്കായി ലോൺ സപ്പോർട്ട് സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | എസ്.സി-എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കായി സംസ്ഥാനത്ത് ലോൺ സപ്പോർട്ട് സ്കീം നടപ്പാക്കിയിട്ടുണ്ടോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ സ്വയംതൊഴിൽ സബ്സിഡി പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിനായി വായ്പയെടുക്കുന്ന ഉണഭോക്താവിന്റെ 3 ലക്ഷം വരെയുള്ള വായ്പകൾക്ക് മൂന്നിലൊന്ന് തുക സബ്സിഡിയായി നൽകി വരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്ക് പരമാവധി 15 ലക്ഷം രൂപ മുതൽ മുടക്കുള്ള പ്രോജക്ടുകൾക്ക് 75% തുക (പരമാവധി 10 ലക്ഷം രൂപ) അനുവദിക്കുന്ന സ്കീം നടപ്പിലാക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ലോൺ സപ്പോർട്ട് സ്കീം നടപ്പാക്കുന്നില്ല. |
| (ബി) | എങ്കിൽ എത്ര തുകയുടെ ആനുകൂല്യമാണ് ഈ പദ്ധതി പ്രകാരം ലഭിക്കുന്നത്; പ്രസ്തുത തുക ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ മുഖേന ഒരു ലക്ഷം രൂപവരെയും (1/3 സബ്സിഡി) ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും പ്രോജക്ട് കോസ്റ്റിന്റെ (75%) സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. തുക ഉയർത്തുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ